# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 456 - 08/08/2017 - ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ കടബാദ്ധ്യത

ചോദ്യം | ഉത്തരം

ശ്രീ. യു. ആർ. പ്രദീപ്. | ഡോ. ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | നിലവിൽ സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്ര കോടി രൂപയാണ്; | അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 2016 ഡിസംബർ വരെയുള്ള സംസ്ഥാനത്തിന്റെ കടബാദ്ധ്യത 1,74,294.08 കോടി രൂപയാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കടബാദ്ധ്യത എത്ര കോടി രൂപയായിരുന്നു; | 2016 മാർച്ച് 31 -ലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ കടബാദ്ധ്യത 1,57,370.32 കോടി രൂപയായിരുന്നു. |
| (സി) | സംസ്ഥാനത്തിന്റെ കടബാദ്ധ്യത കുറച്ചുകൊണ്ടു വരുന്നതിനു സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രണത്തിലൂടെയും നികുതി പിരിവ് ഊർജ്ജിതമാക്കിയും അടിയന്തിര പ്രാധാന്യമുള്ള വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. വൻകിട ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിനായി 1999ലെ കിഫ്ബി ആക്റ്റ് പരിഷ്ക്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐയും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കിയിട്ടുണ്ട്. നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാരിലേക്കുള്ള പണമൊടുക്കലും സർക്കാരിൽ നിന്നുള്ള പണ വിതരണം ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം |

| | | |
|---|---|---|
| | | നടപ്പിലാക്കിക്കഴിഞ്ഞു. ഇതു വഴി ഉപഭോക്താക്കൾക്ക് എപ്പോൾ വേണമെങ്കിലും സർക്കാരിലേക്ക് പണം അടയ്ക്കുന്നതിന് സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ വകുപ്പ്, മറ്റു വകുപ്പുകൾ, ബഡ്ജറ്റ്, ഭാരതീയ റിസർവ്വ് ബാങ്ക്, അക്കൗണ്ടന്റ് ജനറൽ, വിവിധ ബാങ്കുകൾ, വിവിധ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിങ്ങ് ഓഫീസർമാർ തുടങ്ങിയ എല്ലാവരെയും ഒരു കുടക്കീഴിൽ സംയോജിപ്പിച്ച് ഇടപാടുകൾ പരസ്പരം ഓൺലൈനായി നടത്തുന്നതിനായി ഒരു ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**